# KHM HIGHER SECONDARY SCHOOL,VALAKKULAM

SECOND TERMINAL EVALUATION - 2021

മലയാളം അടിസ്ഥാനപാഠാവലി

**Max.Marks:30 STD: X Time: 01 hrs**

---

1, "കോരന്റെ ജീവിതത്തിലെ സ്മരണീയ ദിവസമായി നോവലിസ്റ്റ് വിശേഷിപ്പിക്കുന്നതെന്ത് ?

2, ദീപക്കുറ്റികൾ നാട്ടി മാവേലിയെ കാത്തിരിക്കുന്നത് -
( തുമ്പ, ആമ്പൽ, കമുക്, മുക്കുറ്റി ) 1×2=2

3 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക 2× 3= 6

3, 'ആ പൂവൻകോഴി ഒരു വിപ്ലവം അഴിച്ചുവിട്ടു.അത് മത്തായിയുടെ തലച്ചോറിനകത്ത് ചികയുകയും മാന്തുകയും കൊത്തിപ്പെറുക്കുകയും ചെയ്തു' -ഇവിടെ കഥാകൃത്ത് സൂചിപ്പിക്കുന്നതെന്ത്?

4, 'അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോ-
ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്' - ഈ വരികളിൽ തെളിയുന്ന മകന്റെ മാനസികാവസ്ഥ കണ്ടെത്തി എഴുതുക.

5, ഒരു പത്രത്തിനുണ്ടായിരിക്കേണ്ട ഏതെങ്കിലും നാല് ധർമ്മങ്ങൾ എഴുതുക.

6, " നല്ല വെള്ളോല്ല, നിലാവൂല്ല, കൂമന്റെ ഒച്ചേം ഇല്ല. പിന്നെ എന്താ ആടെ ഉള്ളത്?"
-നഗരജീവിതത്തിന്റെ എന്തെല്ലാം പ്രത്യേകതകളാണ് ഇവിടെ സൂചിപ്പിക്കുന്നത്?

7 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക. 4×4= 16

7, 'ഓരോ വിളിയും കാത്ത്' എന്ന പേര് ആ കഥക്ക് എത്രത്തോളം യോജിക്കുന്നു? സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കുക.

*Prepared by: Anandakrishnan Edacheri, HST Hindi, GHS Munnad, Kasaragod*
*Brought to you by www.shenischool.in To Join our whatsapp group 7012498606*
*To Join our Telegram group https://t.me/joinchat/VggdwFAM7WwuQOCi*

8, "പെറ്റ കിടക്കും തെരുവ് പട്ടിക്കെന്തൊ
രൂറ്റം ,കുരച്ചത് ചാടിക്കുതിക്കുന്നു" -ഈ വരികൾ കാവ്യ സന്ദർഭത്തെ
വികാരതീവ്രമാക്കുന്നതെങ്ങനെ?

9, ആ വീട്ടുകാരുടെ ഇടയിൽ ഒരഗ്നിപർവതം പൊട്ടാറായി നിൽക്കുകയാണ്.അത് താമസിയാതെ പൊട്ടും.അതിൽ രണ്ടു കുടുംബങ്ങളും തകർന്നെന്നു വരാം.അതിലാർക്കും വിരോധമില്ല;തന്റെ കൂടെ മറ്റവരും തകർന്നാൽ മതി"- ഈ മനോഭാവം ഒരു പരിഷ്കൃത സമൂഹത്തിന് ചേർന്നതാണോ? കഥാസന്ദർഭങ്ങളും സമൂഹികാവസ്ഥയും വിശകലനം ചെയ്ത് കുറിപ്പെഴുതുക.

10, "ഏതുമുറങ്ങാതെമ്പാടും വയ-
ലേലകൾതോറും നടുവിൽ പൊൽക്കിഴി-
യെരിയും വെള്ളിത്താലമെടുത്തു നി-
രന്നു ലസിപ്പൂ നെയ്യാമ്പലുകൾ."
- 'വാങ്മയചിത്രങ്ങളാൽ സമ്പന്നമാണ് വൈലോപ്പിള്ളിക്കവിതകൾ'. ഓണമുറ്റത്ത് എന്ന കവിത വിശകലനം ചെയ്ത് പ്രസ്താവന വിലയിരുത്തുക.

11, "കൊച്ചുചക്കരച്ചി വീഴില്ല, വീണാലും അവൾ ആപത്തുവരുത്തുകയില്ല"- 'കൊച്ചുചക്കരച്ചി'യിലെ അമ്മയുടെ വിശ്വാസമാണ് ഈ വാക്യത്തിലുള്ളത്. പ്രകൃതിയോട് ഇക്കാലത്തും ഇത്തരം ഒരു കാഴ്ചപ്പാട് നാം വച്ചുപുലർത്തുന്നുണ്ടോ? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

12 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് പേജിൽ കുറയാതെ ഉത്തരമെഴുതുക. 6×1= 6

12, ' പ്ലാവിലക്കഞ്ഞി' എന്ന പാഠഭാഗത്തെ ആസ്പദമാക്കി 'ഊഷ്മളമായ കുടുംബബന്ധങ്ങൾ' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

13, "മതമേതായാലും കൊള്ളാം, മനുഷ്യൻ നന്നായാൽ മതി'
'ക്ഷേത്രങ്ങളല്ല, വിദ്യാഭ്യാസസ്ഥാപനങ്ങളോ, തൊഴിൽ ശാലകളോ ആണ് ഇനി വേണ്ടത്' - ശ്രീനാരായണഗുരു.

സൂചനകളും 'ശ്രീനാരായണഗുരു' എന്ന പാഠഭാഗവും പരിഗണിച്ച് 'ആധുനിക കേരളസൃഷ്ടിയിൽ ഗുരുവിനുള്ള പങ്ക്' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

*Prepared by: Anandakrishnan Edacheri, HST Hindi, GHS Munnad, Kasaragod*
*Brought to you by www.shenischool.in To Join our whatsapp group 7012498606*
*To Join our Telegram group https://t.me/joinchat/VggdwFAM7WwuQOCi*